LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഗവൺമെന്റ് വാഗ്ദാനം നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) പകർച്ചവ്യാധികൾ തടയുന്നതിനായ അടിയന്തിര ശുചീകരണ പ്രവർത്തനം നടത്തുന്നതിന് സമരകാലങ്ങളിൽ ജോലിചെയ്തിരുന്നവരെ പ്രത്യേക സാഹചര്യത്തിൽ താൽക്കാലികമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യിച്ചുവരികയാണ്. ഇവരെ സ്ഥിരനിയമനത്തിന് പരിഗണിക്കാൻ നിർവ്വാഹമില്ല.

**ഗ്രാമപഞ്ചായത്തുകളിലെ എൽ.ഡി.സി.-മാരുടെ പ്രൊബേഷൻ**

**130 (4565)** ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്ന് വർഷം കരംപിരിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തുകളിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാവൂയെന്ന് നിയമം അനുശാസിക്കുന്നുണ്ടോ ;

(ബി) ഇപ്രകാരം ഒരു നടപടിക്രമം സർക്കാരോ പഞ്ചായത്ത് ഡയറക്ടറേറ്റോ നൽകിയിട്ടുണ്ടോ ;

(സി) തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രൊബേഷൻ പിരീഡ് പൂർത്തിയാക്കിയ എത്ര പേരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുണ്ട് ;

(ഡി) കരംപിരിവ് പൂർണ്ണമാക്കാത്തതിനാലാണോ ഇപ്രകാരം നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഇ) എങ്കിൽ ഇപ്രകാരം നടപടി സ്വീകരിക്കാൻ അധികാരംനൽകുന്ന ചട്ടങ്ങൾ ഏതൊക്കെയാണ് ; പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) തുടർച്ചയായ 3 വർഷത്തിനിടയിൽ 2 വർഷത്തെ സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിനുള്ളിൽ നിർബന്ധിത ടെസ്റ്റുകൾ പാസ്സാവുകയും ചെയ്യുന്ന മുറയ്ക്കാണ് എൽ.ഡി. ക്ലാർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത്. ഈ നടപടിക്രമം തിരുവനന്തപുരം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ കാര്യത്തിലും പാലിച്ചുവരുന്നു.

(ഡി-എഫ്) ബാധകമല്ല.

**ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമനത്തിന്റെ മാനദണ്ഡം**

**131 (4566)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി (സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ ഒഴികെ) തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന്റെയും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ അനുപാതമനുസരിച്ച് നടത്തേണ്ടുന്ന ആകെ തസ്തിക എത്രയെന്നും അതിൻപ്രകാരം പി.എസ്.സി. ലിസ്റ്റിൽ നിന്നും ആകെ എത്ര പേരെ നേരിട്ട് നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) മേൽ സൂചിപ്പിച്ച അനുപാതത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് 6:4 എന്ന അനുപാതത്തിലാണ് പ്രൊമോഷൻവഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും നടത്തുന്നത്.

(ബി) നേരിട്ട് നിയമനം നടത്തേണ്ടുന്ന ആകെ തസ്തിക 217 ആണ്. അതിൻപ്രകാരം 148 പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്.

(സി) തൽക്കാലം ഉദ്ദേശ്യമില്ല.

**സാധാരണക്കാർക്ക് ഹൃദ്രോഗ ചികിത്സയ്ക്കുള്ള സംവിധാനം**

**132 (4567)** ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹൃദ്രോഗവും അതുമൂലമുണ്ടാകുന്ന മരണങ്ങളും വർദ്ധിച്ചുവരുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധാരണക്കാർക്ക് ഹൃദ്രോഗ ചികിത്സാച്ചെലവ് വഹിക്കാൻ കഴിയുന്നില്ലെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly